# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2677

19/12/2012 - ൽ മറുപടിക്ക്

## കനോലി കനാലിന്റെ കരസംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ജലപാതയായി അംഗീകരിച്ച കനോലി കനാലിന്റെ പൊന്നാനി മേഖലയിൽ ഇരുകരകളും സംരക്ഷിക്കപ്പെടാതെ കര ഇടിഞ്ഞു പോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | : | (എ) ഉണ്ട്. |
| (ബി) ഇതിന്റെ കര സംരക്ഷണത്തിനായി പില്ലറുകളും സ്ലാബുകളും പലയിടത്തും വാർത്തുകിടക്കുന്നുണ്ടെങ്കിലും പണികൾ തുടരുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ ; ഇത് പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | : | (ബി) ദേശീയ ജലപാത മാനദണ്ഡ പ്രകാരമുള്ള കനാലിന് നിർദ്ദേശിക്കപ്പെടുന്ന വീതി 32 മീറ്ററാണ്. നിലവിലുള്ള കനോലി കനാലിന്റെ പ്രസ്തുത ഭാഗങ്ങളിൽ ശരാശരി വീതി 20 മീറ്ററിൽ താഴെയാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ തടസ്സങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമുണ്ട്. അതുകൊണ്ട് വാർത്തുവച്ചിരിക്കുന്ന പൈലുകളും, സ്ലാബുകളും ഉപയോഗപ്പെടുത്തി ക്കൊണ്ട് ഒരു കര മാത്രം സംരക്ഷിക്കുന്ന ശിഷ്ട പ്രവൃത്തിക്ക് വേണ്ടി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) പ്രസ്തുത സ്ലാബുകളും പില്ലറുകളും വാർത്തു കിടക്കുന്നത് സ്വകാര്യ വ്യക്തികളുടെ കൃഷിസ്ഥലത്തായതിനാൽ കൃഷി നടത്താനും തോട്ടം സംരക്ഷിക്കാനും കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഇതിന് അടിയന്തിര മായി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | : | (ഡി) പ്രസ്തുത പൈലുകളും, സ്ലാബുകളും ഉപയോഗപ്പെടുത്തി ഒരു കര സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Sham

സെക്ഷൻ ഓഫീസർ